ഉത്തരം

ബാധകമാണ്.

മലപ്പുറം ജില്ലയിലെ ഹൗസ് കണക്ഷനുകൾ

1379 [2238] ശ്രീ. കെ.കെ.എസ്. തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ എത്ര ഹൗസ് കണക്ഷനുകൾ കൊടുക്കാനുണ്ട്;

(ബി) ഇതെന്ന് പൂർത്തിയാകും;

(സി) സ്ട്രീറ്റ്ലൈറ്റുകൾ എത്ര?

ഉത്തരം

(എ) 3817.

(ബി) ഈ സർവ്വീസുകൾ നൽകുന്നതിനാവശ്യമായ സാമഗ്രികളുടെ ദൗർലഭ്യമാണ് കാലതാമസത്തിനുകാരണം. ആറുമാസത്തിനകം കണക്ഷനുകൾ കൊടുക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) അനുവദിച്ചിട്ടുള്ള 524 സ്ട്രീറ്റ്ലൈറ്റുകൾ ഇനിയും സ്ഥാപിക്കേണ്ടതുണ്ട്.

ലെവിസംഭരണം മാർക്കറ്റിംഗ് സൊസൈറ്റികളെ ഏൽപ്പിക്കൽ

1380 [2239] ശ്രീ. വി. ഈച്ചരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കോഷ്യവും സിവിൽസപ്ലൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലെവിനെല്ല് സംഭരിക്കുന്ന നടപടി മാർക്കറ്റിംഗ് സൊസൈറ്റികളെ ഏൽപ്പിക്കുന്നുണ്ടോ;

(ബി) മുൻപ് എത്തെല്ലാം വർഷങ്ങളിൽ ഇങ്ങനെ ഏൽപ്പിക്കുകയുണ്ടായി എന്നു പറയാമോ;

(സി) 1974-ൽ കുമരനെല്ലൂർ മാർക്കറ്റിംഗ് സൊസൈറ്റിയെ ലെവി സംഭരണം ഏൽപ്പിച്ചിരുന്നോ;

(ഡി) പ്രസ്തുത സൊസൈറ്റി സംഭരിച്ച നെല്ല് സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിന് നൽകാതിരുന്നിട്ടുണ്ടോ;

(ഇ) ഇങ്ങനെ സംഭരിച്ച നെല്ലിന്റെവില എന്താണ്?

ഉത്തരം

(എ) ഇപ്പോൾ ഏൽപ്പിക്കുന്നില്ല. ചില ജില്ലകളിൽ മുൻപ് ഏൽപ്പിച്ചിരുന്നു.

(ബി) ലെവി സംഭരണം നിലവിൽവന്ന 1966 മുതൽ 1977-78 മുണ്ടകൻ വിളവരെ പാലക്കാട്, ആലത്തൂർ, ചിറ്റൂർ എന്നീ താലൂക്കുകളിലും 1974-നുശേഷം ഒറ്റപ്പാലം, മണ്ണാർക്കാട് താലൂക്കുകളിലും 1966 മുതൽ 1977 മുണ്ടകൻ വിളവരെ കണ്ണൂർ ജില്ലയിലും, കുട്ടനാട്,

LIBRARY ARCHIVES Kerala Legislative Assembly

അമ്പലപ്പുഴ താലൂക്കുകളിൽ 1967 ലും 1971-72 ലും, 1972-73-ലെ പുഞ്ചകൃഷിക്കും ചില വ്യവസ്ഥകൾക്കു വിധേയമായി ലെവി സംഭരണം സഹകരണസംഘങ്ങളെയും ബാങ്കുകളെയും ഏൽപ്പിച്ചിരുന്നു.

(സി) ഏൽപ്പിച്ചിരുന്നു.

(ഡി) 1974 വിരിപ്പ് ലെവിക്കു സംഭരിച്ച 1141.57.400 ക്വിൻറൽ നെല്ലിൽ 875.15.064 ക്വിൻറൽ നെല്ല് സർക്കാരിനെ ഏൽപ്പിക്കാതിരുന്നിട്ടുണ്ട്.

(ഇ) ഈ സൊസൈറ്റി സർക്കാരുമായി ഉണ്ടാക്കിയ കരാറിൻ പ്രകാരം 875.15.064 ക്വിൻറൽ നെല്ലിൻെറ വിലയായി ഗവൺമെൻറിന് നൽകേണ്ടത് 1,63,915.71 ക.യാണ്.

പാലക്കാട് വെയർ ഹൗസിൻെറ പണി

1381 [2240] ശ്രീ. എം.കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് പണിയുന്ന വെയർ ഹൗസിൻെറ പണിക്ക് എന്ത് ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) ഇതിനകം എത്ര സംഖ്യ ഇതിന് ചെലവായെന്ന് വ്യക്തമാക്കുമോ;

(സി) പണി എന്നേക്ക് പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) എത്ര ചരക്ക് ഇതിൽ സ്റ്റോർ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) 12 ലക്ഷം രൂപ.

(ബി) 4 ലക്ഷം രൂപ.

(സി) 1979 ജൂലായിൽ.

(ഡി) 6800 ടൺ.

ഷൊർണ്ണൂർ–നിലമ്പൂർ റെയിൽവേ

1382 [2241] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ–നിലമ്പൂർ റെയിൽവേ ലാഭകരമല്ലാത്തതിനാൽ നിറുത്തലാക്കാൻ പോകുന്ന വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ലൈനിൽ തീവണ്ടികളും നിത്യേനയും സമയത്തിനും ഓടാത്തതുമൂലമാണ് ജനങ്ങൾക്ക് തീവണ്ടി യാത്രയിൽ താൽപ്പര്യം കുറഞ്ഞതെന്നുള്ളതിനാൽ വണ്ടികളും കൃത്യനിഷ്ഠം പാലിക്കുന്നതിനും പിന്നോക്കപ്രദേശങ്ങളിലെ റെയിൽവേ ലാഭകരമല്ലെങ്കിലും ലൈൻ നിലനിറുത്തണമെന്നുള്ള കേന്ദ്രനിയമത്തിൻെറ പേരിലും ഈ റെയിൽവേ നിലനിറുത്താൻ വേണ്ട നടപടികളും ഗവൺമെൻറ് സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly